ഉത്തരം

(എ-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഫിഷറീസ് വകുപ്പിലെ തസ്തികകൾ

189 (6107) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിൽ എത്ര അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക് തസ്തികകൾ ഉണ്ട് ;

(ബി) മേൽവിഭാഗങ്ങളിൽ എത്ര പേർ വീതം ഫിഷറീസ് വകുപ്പിൽ സേവനം അനുഷ്ഠിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഭാഗങ്ങളിൽ നിന്ന് മറ്റ് സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർ വീതം ഏതെല്ലാം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു ; വിശദാംശങ്ങൾ നല്കുമോ ;

(ഡി) ഈ ഓരോ വിഭാഗങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരൊക്കെയാണ് സേവനം അനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള ഫിഷറീസ് വകുപ്പിൽ 4 അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, 3 സീനിയർ സൂപ്രണ്ട്, 19 ജൂനിയർ സൂപ്രണ്ട്, 10 ഹെഡ് ക്ലാർക്ക് എന്നീ തസ്തികകൾ ഉണ്ട്.

(ബി) മേൽപ്പറഞ്ഞ എല്ലാ തസ്തികകളിലും ഫിഷറീസ് വകുപ്പ് ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്.

(സി) ഫിഷറീസ് വകുപ്പിലെ അഡ്മിനിട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലുള്ള ഒരാൾ ഫിർമയിൽ ഡെപ്യൂട്ടേഷനിലാണ്. സീനിയർ സൂപ്രണ്ട് തസ്തികയിൽ ആരും ഡെപ്യൂട്ടേഷനിൽ ഇല്ല. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ രണ്ടുപേർ അഡാക്ക് എന്ന സ്ഥാപനത്തിലും 6 പേർ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലും 3 പേർ കൊല്ലം, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലെ മത്സ്യ കർഷക വികസന ഏജൻസികളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. ഹെഡ് ക്ലാർക്ക് തസ്തികയിലെ ഒരാൾ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ സേവനമനുഷ്ഠിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉത്തരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	തസ്തിക	ഡെപ്യൂട്ടേഷനിലിരിക്കുന്ന സ്ഥാപനം
1	പി. കെ. സജീവൻ	അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്	ഫിർമ
2	ജെ. ശ്രീകുമാരി	ജൂനിയർ സൂപ്രണ്ട്	കേരളമത്സ്യകർഷക വികസന ഏജൻസി, ആലപ്പുഴ.
3	എൻ. സുബ്രഹ്മണ്യൻ ചെട്ടിയാർ	ജൂനിയർ സൂപ്രണ്ട്	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
4	പി. ശശിധരൻ	ജൂനിയർ സൂപ്രണ്ട്	ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള.
5	എ. അബ്ദുൽറഷീദ്	ജൂനിയർ സൂപ്രണ്ട്	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
6	വി. വി. രത്നപ്രഭ	ജൂനിയർ സൂപ്രണ്ട്	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
7	കെ. വി. ബാലകൃഷ്ണൻ	ജൂനിയർ സൂപ്രണ്ട്	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
8	ആർ. മംഗളൻ	ജൂനിയർ സൂപ്രണ്ട്	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
9	എം. എസ്. മധു	ജൂനിയർ സൂപ്രണ്ട്	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
10	റ്റി. ജെ. ക്ലീറ്റസ്	ജൂനിയർ സൂപ്രണ്ട്	മത്സ്യ കർഷക വികസന ഏജൻസി, തൃശ്ശൂർ
11	എം. എസ്. പ്രമീള ദേവി	ജൂനിയർ സൂപ്രണ്ട്	ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള
12	പി. പങ്കജാക്ഷൻ	ജൂനിയർ സൂപ്രണ്ട്	മത്സ്യ കർഷക വികസന ഏജൻസി, കൊല്ലം
13	എസ്. എസ്. സ്വരാജ്	ഹെഡ് ക്ലാർക്ക്	കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly